# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6162 — 04.07.2019-ൽ മറുപടിയ്ക്ക്

## തീരദേശമേഖലയിലെ സർക്കാർ സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ പദ്ധതി

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജകമണ്ഡലത്തിൽ കിഫ്ബി സഹായത്തോടെ തീരദേശ മേഖലയിലെ സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയിൽ എത്ര സ്കൂളുകൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;<br>ബി) ഈ പ്രവൃത്തി നടപ്പിലാക്കുന്നത് ഏത് ഏജൻസി മുഖേനയാണ്;<br>സി) ഈ ഏജൻസി പരിഗണിച്ച സ്കൂളുകളുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി വാങ്ങി ടെണ്ടർ നടപടികളുമായി മുന്നോട്ട് പോയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;<br>ഡി) ഈ പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ? | എ) യും ബി) യും സി) യും ഡി) യും<br>കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജക മണ്ഡലത്തിൽ കിഫ്ബി സഹായത്തോടെ തീരദേശമേഖലയിലെ 6 സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി സ്കൂളുകൾ പുനരുദ്ധരിക്കുന്നതിനായി വിശദമായ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി കിഫ്ബി സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. അംഗീകാരം ലഭ്യമായാലുടൻ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്ന നടപടികളുമായി മുന്നോട്ടു പോകുന്നതാണ്. ഈ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |

| ക്രമ നം | സ്കൂൾ | ഭരണാനുമതി നൽകിയ തുക (ലക്ഷം രൂപ) |
|---|---|---|
| 1 | ഗവ. യു.പി.സ്കൂൾ, കീക്കാൻ, ഉദുമ, കാസർഗോഡ് | 99.00 |
| 2 | ഗവ. യു.പി.സ്കൂൾ, കീഴൂർ, ഉദുമ, കാസർഗോഡ് | 112.00 |

| | | |
|---|---|---|
| 3 | ഗവ..യു.പി.എസ്, കല്ലിംഗൽ, ഉദുമ | 326.00 |
| 4 | ഗവ..യു.പി.എസ്, കോട്ടിക്കുളം, ഉദുമ | 109.00 |
| 5 | ഗവ.യു.പി.എസ്, അഗസരഹോള, ഉദുമ | 112.00 |
| 6 | ഗവ.എച്ച്.എസ്.എസ്, പാക്കം, പള്ളിക്കര, ഉദുമ | 269.00 |

**സെക്ഷൻ ആഫീസർ**